**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241** | **13-07-2022 - ൽ മറുപടിയ്ക്ക്**

**റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ), ശ്രീ എ. സി. മൊയ്തീൻ , ശ്രീ. കെ. ജെ. മാക്സി, ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിക്കുന്നുവെന്നുറപ്പാക്കാനും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുന്നതിനും നിയോജക മണ്ഡലാടിസ്ഥാനത്തിൽ നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ഘടനയും പ്രവർത്തനങ്ങളും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിക്കുന്നുവെന്നുറപ്പാക്കാനും ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുന്നതിനും നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. അതിന് സംസ്ഥാന തലത്തിൽ ചീഫ് നോഡൽ ഓഫീസറും മേഖലാതലത്തിൽ രണ്ട് റീജ്യണൽ ലെവൽ നോഡൽ ഓഫീസർമാരും ഓരോ നിയോജകമണ്ഡലത്തിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഒരു നോഡൽ ഓഫീസറും നിയമിക്കപ്പെട്ടിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും പൊതുമരാമത്ത് വകുപ്പിലെ എല്ലാ വിഭാഗത്തിലെയും നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പ്രസ്തുത സമിതിയിൽ അംഗങ്ങളാണ്. നിയോജകമണ്ഡലത്തിലെ എല്ലാ പൊതുമരാമത്ത് വകുപ്പ് പ്രവർത്തനങ്ങളും വിലയിരുത്തുന്നതും, റിവ്യൂമീറ്റിംഗ് കൂടുന്നതും, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ലെവൽ ഓഫീസർക്ക് സമർപ്പിക്കുന്നതും, എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതും പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. 01.01.2022–ലെ ജി.ഒ(ആർ.റ്റി)നം.8/2022/ പി.ഡബ്ല്യൂഡി പ്രകാരം 140 നിയോജക മണ്ഡലങ്ങളിലും നോഡൽ ഓഫീസർമാർക്ക്ചുമതല നൽകിയിട്ടുണ്ട്. നിയോജകമണ്ഡല മോണിറ്ററിംഗ് ടീമിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും ചുവടെ ചേർക്കുന്നു: |

| | | | |
|---|---|---|---|
| | | | 1.മണ്ഡലാടിസ്ഥാനത്തിലുള്ള പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ നിരീക്ഷണം.<br><br>2.മണ്ഡലാടിസ്ഥാനത്തിലുള്ള നിരീക്ഷണ സമിതിയുടെ യോഗങ്ങളിൽ പങ്കെടുക്കുക.<br><br>3.സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പരിഹാരമാർഗ്ഗങ്ങൾ മുന്നോട്ട് വെയ്ക്കുകയും ചെയ്യുക.<br><br>4.സംസ്ഥാനതല ഉദ്യോഗസ്ഥരുമായി സഹകരിക്കുകയും പ്രശ്ന പരിഹാരനടപടികൾ കൈകൊണ്ടുവെന്നു ഉറപ്പുവരുത്തുകയും ചെയ്യുക.<br><br>പ്രസ്തുത ടീമിലെ എഞ്ചിനീയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഏഴ് ജില്ലകളുടെ വീതം ചുമതലയിൽ രണ്ട് ചീഫ് എഞ്ചിനീയർമാരെ റീജ്യണൽ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ വിശകലനം ചെയ്യാറുണ്ട്. കൂടാതെ രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന മിഷൻ ടീം മീറ്റിംഗിൽ CMT യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും CMT നൽകിയിട്ടുള്ള പ്രധാനപ്പെട്ട റിപ്പോർട്ടുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുകയും ചെയ്യുന്നു. |
| (ബി) | പൊതുമരാമത്ത് റോഡുകളുടെ മുഴുവൻ വിവരവും ഡിജിറ്റൈസ് ചെയ്യുന്ന റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പായിട്ടുണ്ടോ; എങ്കിൽ ഇതുവഴി കേടുപാട് പരിഹരിക്കേണ്ടതായി പരാതി ലഭിക്കുന്ന സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് ഉടനടി നടപടിയെടുക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെ അടിസ്ഥാന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) നടപ്പിലാക്കി വരുന്നു. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 7000 കി.മീ. റോഡുകൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. iROADS, HDM4 സോഫ്റ്റ് വെയറുകളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. പൊതുമരാമത്ത് റോഡുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾ വകുപ്പിനെ അറിയിക്കുന്നതിനായി PWD4U എന്ന മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. പരാതിക്കാരന് മൊബൈലിൽ ഇൻസ്റ്റാൾ ചെയ്ത് ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് പരാതിയ്ക്ക് അടിസ്ഥാനമായ വസ്തുത ഫോട്ടോ എടുത്ത് അപ് ലോഡ് ചെയ്യുന്നതിനും ആയത് വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർക്ക്, iROADS എന്ന സോഫ്റ്റ് വെയർ വഴി, സ്ഥലം ഉൾപ്പെടെ കാണാനും സാധിക്കുന്നു. അപ്രകാരം വകുപ്പിന് ലഭിക്കുന്ന പരാതികൾ, ലഭിച്ച വിവരം |

| | | | |
|---|---|---|---|
| | | | പരാതിക്കാരനെ സോഫ്റ്റ് വെയർ മുഖാന്തിരം അറിയിക്കുകയും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, പരാതി പരിഹരിച്ചശേഷം വിവരം പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു. |
| (സി) | മിഷൻ പി.ഡബ്ല്യൂ.ഡി. പ്രകാരം പ്രവൃത്തികളുടെ ഉന്നതതല അവലോകനം നടത്തി ലക്ഷ്യബോധവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ? | (സി) | സാധിക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും Transformation Mission - PWD എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ ഭാഗമായി PWD Mission Team ഉം District Infrastructure Co-Ordination Committee (DICC) യും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജില്ലകളുടെ ചുമതലയുള്ള നോഡൽ ഓഫീസർമാരായ ഐ.എ.എസ് ഉദ്യോഗസ്ഥർ, അഡീഷണൽ സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരാണ് പൊതുമരാമത്ത് മന്ത്രിയുടെ നേതൃത്വത്തിലുള്ള മിഷൻ ടീമിലെ അംഗങ്ങൾ. മിഷൻ പി.ഡബ്ല്യൂ.ഡി മീറ്റിംഗുകളിൽ പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ഭാവിയിൽ നടപ്പിലാക്കേണ്ടതുമായ പ്രവൃത്തികളും മറ്റ് ആശയങ്ങളും ചർച്ചക്ക് എടുക്കുകയും അത് അനുസരിച്ച് തീരുമാനങ്ങളിൽ എത്തുകയും ചെയ്യുന്നുണ്ട്. വകുപ്പിനെ ലക്ഷ്യബോധത്തോടെ മുന്നോട്ട് നയിക്കുവാൻ മിഷൻ മീറ്റിംഗുകൾ ഉതകുന്നുണ്ട്. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ ആശയങ്ങൾ നടപ്പിലാക്കാൻ മിഷൻ മീറ്റിംഗുകൾ വേദിയാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ